ടി.കെ ആലുവ

തയാറാക്കിയത്: റഷാദ് ആലുവ

# ഒരു സ്വപ്നം സഫലമാകുന്നു



*2006 ഏപ്രിൽ 8 ന് ടി.കെ മുഹമ്മദ് സാഹിബ് ഒട്ടേറെ ഓർമകൾ ബാക്കി വെച്ച് നമ്മോട് വിടപറഞ്ഞു. 2006 ഫെബ്രുവരി 19 ന് എറണാകുളം കലൂർ സ്റ്റേഡിയത്തിൽ നടന്ന ജില്ലാ സമ്മേളനമായിരുന്നു അവസാനമായി അദ്ദേഹം പങ്കെടുത്ത പൊതുപരിപാടി. സമ്മേളനത്തെ കുറിച്ച് നിറകണ്ണുകളോടെ അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: 'ഷൊർണൂർ പാലത്തിന്റെ തെക്ക് ആദ്യത്തെ ഹംദർദ് ഹൽഖക്ക് രൂപം നൽകിയ ആദ്യയോഗത്തിൽ പങ്കെടുത്ത അവശേഷിക്കുന്ന മൂന്നാളുകളെ (ടി.കെ. മുഹമ്മദ്, ടി.ഒ. ബാവ, കുട്ടമശ്ശേരി അബ്ദുൽ അസീസ് സ്വാഹിബ്) സാക്ഷികളാക്കി എറണാകുളത്ത് സമ്മേളനം നടക്കുമ്പോൾ ഈ പ്രസ്ഥാനം പിന്നിട്ട നാളുകളിലേക്ക് തിരിഞ്ഞുനോക്കി നാം അല്ലാഹുവിനോടുള്ള കൃതജ്ഞതാ ഭാരത്താൽ നമ്രശിരസ്കരാവുക.'*

*ആ കർമയോഗിയുടെ ജനസമ്മിതിക്ക് ഇന്നും നില നിൽക്കുന്ന ഉദാഹരണമാണ് വീടിനുമുന്നിലുള്ള ടി.കെ സ്മാരക റോഡ്. കനൽപഥങ്ങങ്ങളിൽ കാലിടറാതെയുള്ള അദ്ദേഹത്തിന്റെ പോരാട്ടം എന്നും നമുക്കൊരു മാതൃകയാണ്.*

**സാക്ഷാൽക്കരിക്കപ്പെടുകയില്ലെന്നു** കരുതിയ 'ആലുവയിൽ ഒരു ഇസ്‌ലാമിക കലാലയം' എന്ന ചിരകാല സ്വപ്നത്തിന് പ്രതീക്ഷയുടെ പൊൻചിറകുകൾ നൽകിയത് എടത്തലയിലെ വി.എ. ഇബ്രാഹീം കുട്ടിയായിരുന്നു. 1983-ൽ വിശാലമായ ആലുവ മേഖലയുടെ ഉത്തരവാദിത്വം ഇബ്രാഹീം കുട്ടിയെ ഏൽപ്പിച്ച സന്ദർഭത്തിലാണ് ഒരു ഇസ്‌ലാമിക കലാലയം എന്ന ആശയവുമായി അദ്ദേഹം എന്നെ സമീപിക്കുന്നത്. അക്കാര്യം ഇബ്രാഹീം കുട്ടിതന്നെ വിശദീകരിക്കട്ടെ. "1983-ൽ ആലുവ മേഖലയുടെ പ്രാസ്ഥാനിക ചുമതല ഏൽപ്പിക്കപ്പെടുമ്പോൾ എനിക്ക് 30 വയസ്സാണ്. സ്ഥിതിഗതികൾ പഠിച്ചപ്പോൾ ഈ മേഖലയിൽ പ്രാപ്തരായ പണ്ഡിതന്മാർ വളർന്നു വരേണ്ടതിന്റെ ആവശ്യകത ബോധ്യമായി. അതിന് പറ്റിയ ഒരു സ്ഥാപനം ഇവിടെ എങ്ങനെയെങ്കിലും ആരംഭിക്കണം. അതിന് കുറെ പ്രഗത്ഭ വ്യക്തികളെ സമീപിച്ചു. ആശയം നല്ലതാണെങ്കിലും അവരുടെ പ്രാരാബ്ധങ്ങളും മറ്റു പ്രശ്നങ്ങളും കാരണം അത് സാധിച്ചില്ല.

ഈ സാഹചര്യത്തിലാണ് 1989 ൽ എം.കെ. മൊയ്തു സാഹിബിന്റെ മകൻ എം.എം. അബ്ദുൽ അസീസ് സാഹിബും ടി.ഒ. ബാവ സാഹിബിന്റെ മകൻ ടി.ബി. ഹാഷിം സാഹിബും ദീനീ പ്രവർത്തന രംഗത്തേക്ക് കൂടുതൽ താൽപര്യത്തോടെ കടന്നു വരുന്നത്. ആലുവയിലെ രണ്ട് പ്രമുഖ കുടുംബാംഗങ്ങളായ അവരുടെ വരവ് എങ്ങനെ ഉപയോഗപ്പെടുത്താമെന്ന ചിന്ത എന്നെ തട്ടിയുണർത്തി. അതിന്റെ ഫലമാണ് എടത്തല പുക്കാട്ടുപടിയിൽ 1989 ൽ രൂപീകരിച്ച ട്രസ്റ്റും അതിന്റെ പേരിൽ വാങ്ങിയ കുറേ സ്ഥലവും.

ട്രസ്റ്റിന്റെ പ്രവർത്തനവുമായി രംഗത്തു വന്നപ്പോൾ ഒരു സുഹൃത്ത് അസീസ് സാഹിബിനെ ഉപദേശിച്ചു: "കാര്യമൊക്കെ കൊള്ളാം. വിദ്യാഭ്യാസ മേഖലയിലേക്ക് മാത്രം തിരിയരുത്. അത് ഏറെ പ്രയാസങ്ങളുണ്ടാക്കും."

സ്വപ്നം അതോടെ തകർന്നു. ഒരു ദിവസം ട്രസ്റ്റിന്റെ പിരിവിന് പോകാനായി അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. പിരിവു മാത്രം നടന്നില്ല. രാവിലെ മുതൽ വൈകുന്നേരം വരെ ദീനും സ്ഥാപനവുമൊക്കെ ചർച്ചക്ക് വിധേയമായി.

മഗ്‌രിബിന് ശേഷം ഇ.കെ അബ്ദുർറഹ്മാന്റെ വീട്ടിൽ ചെന്നു. ചെന്നയുടനെ, അദ്ദേഹത്തിന്റെ സഹോദരിപുത്രന്റെ തുടർവിദ്യാഭ്യാസത്തിന് കേരളത്തിലെ ഉന്നത ഇസ്‌ലാമിക കലാലയത്തിൽ പ്രവേശനത്തിന് പോയിട്ട് കിട്ടാതെ നിരാശനായി മടങ്ങി വന്ന കഥയാണ് എന്നോടു പറഞ്ഞത്. അര മണിക്കൂറിനകം അദ്ദേഹം ഡയറി എടുത്ത് ഒരു ഇസ്‌ലാമിക കലാലയത്തിന്റെ രേഖാചിത്രം വരച്ചു. അത് നടപ്പാക്കുന്നതിനെക്കുറിച്ചായി പിന്നെ ചർച്ച.


ആ സന്ദർഭത്തിലാണ് രണ്ട് സംഭവങ്ങൾ മനസ്സിലേക്ക് കടന്നുവന്നത്. ദീർഘനാളത്തെ വിദേശവാസം അവസാനിപ്പിച്ച് നാട്ടിലേക്ക് തിരിച്ചെത്തിയ ഡോ. മുഹ്‌യുദ്ദീൻ ആലുവായിക്ക് ആലുവ ഫ്രൈഡെ ക്ലബ് നൽകിയ സ്വീകരണത്തിൽ അദ്ദേഹം ചെയ്ത പ്രസംഗമാണ് അതിലൊന്ന്. ആലുവയിൽ വലിയ മനുഷ്യർ പണ്ടു മുതലേ ഉണ്ടായിട്ടുണ്ട്. എന്നാൽ അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കാൻ ആലുവക്കാർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന് അദ്ദേഹം പ്രസംഗമധ്യേ പറഞ്ഞിരുന്നു. തുടർന്ന് ഫറൂഖ് കോളേജിന്റെ കഥയും ഹമദാനി അറബി കോളേജ് എൽ.പി. സ്കൂളായിമാറി ഗവൺമെന്റ് ഏറ്റെടുത്ത കഥയും വിവരിച്ചു. രണ്ടാമത്തേത്, ഒരുന്നത ഇസ്‌ലാമിക കലാലയത്തെക്കുറിച്ച് കെ.എസ് കോയക്കുട്ടി മൗലവി ഉണ്ടാക്കിയ ഒരു സ്വപ്ന പദ്ധതിയുടെ കഥയാണ്. രണ്ടും ഇ.കെ യെ ധരിപ്പിച്ചു.

ഉടനെ കാറെടുത്ത് ഞങ്ങൾ കോയാക്കുട്ടി മൗലവിയുടെ വീട്ടിലെത്തി. സമയം രാത്രി 11 മണി. അദ്ദേഹത്തെ വിളിച്ചുണർത്തി കാര്യം ധരിപ്പിച്ചു. പിറ്റേ ദിവസം രാവിലെ ഞാനും ഇ.കെ യും എം.എം. അബ്ദുൽഅസീസ് സാഹിബും കെ.എസ് കോയാക്കുട്ടി മൗലവിയും കൂടി ഡോ. മുഹ്‌യിദ്ദീൻ ആലുവായിയുടെ വീട്ടിലെത്തി. ഇ.കെ പദ്ധതി അദ്ദേഹത്തെ ധരിപ്പിച്ചു. ആവേശപൂർവം അദ്ദേഹം രംഗത്തുവരാൻ തയാറായി. എന്നല്ല, അവിടെ വെച്ച് ട്രസ്റ്റിലുൾപ്പെടുത്തേണ്ട ആളുകളുടെ പേരുവരെ എഴുതി തയാറാക്കി.

ആശ്വാസത്തിന്റെ നെടുവീർപ്പോടെ ഞങ്ങൾ അവിടെ നിന്ന് മടങ്ങി. വരുന്ന വഴി ടി.കെ. മുഹമ്മദ് സാഹിബിന്റെ വീട്ടിൽ ചെന്ന് അദ്ദേഹത്തേയും കൂട്ടി ഇ.കെ യുടെ വീട്ടിൽ വന്നു. പിന്നെ ഞങ്ങൾ ആലുവ പള്ളിയിലെത്തി. അവിടെ ചെന്നപ്പോൾ കണ്ടത് മൂപ്പൻ സാഹിബ്, കെ.പി. അബ്ദുൽ അസീസ്, വി.എം അബ്ദുർറഹ്മാൻ, ചാലക്കൽ കെ. അബ്ദുസ്സലാം മൗലവി തുടങ്ങിയവർ എന്തോ സംസാരിച്ചു കൊണ്ടിരിക്കുന്നതാണ്. അവരുടെ സദസ്സിൽചെന്ന് എല്ലാവരോടുമായി ഡോ. ആലുവായി നേതൃത്വം ഏറ്റെടുത്ത കാര്യവും മറ്റും പറഞ്ഞു. ബാവമൂപ്പൻ ആവേശപൂർവം തന്റെ വാഴക്കുളത്തുള്ള മൂന്നേക്കർ സ്ഥലം ഈ ആവശ്യത്തിന് ഓഫർ ചെയ്തു. ഞങ്ങൾ വാഴക്കുളത്തെ സ്ഥലവും കൂട്ടത്തിൽ ഇപ്പോൾ അസ്ഹർ സ്ഥിതിചെയ്യുന്ന സ്ഥലവും കണ്ട് തിരിച്ച് ചാലക്കൽ വന്ന് വി.എം. അലി സാഹിബിന്റെ വീട്ടിൽ വീണ്ടും സന്ധിച്ചു. അപ്പോൾ ചിലർക്ക് ഇത് നടപ്പാകുമോ എന്ന് സംശയം. ചർച്ച അവിടെ നിർത്തി. വീണ്ടും അന്നു രാത്രിതന്നെ ഞാനും ഇ.കെ യും അസീസ് സാഹിബും ടി.കെ. മുഹമ്മദ് സാഹിബിനെയും കൂട്ടി ആലുവായിയുടെ വീട്ടിൽ എത്തി. അപ്പോഴേക്കും അദ്ദേഹം സ്ഥാപനത്തിന്റെ പേരുവരെ നിശ്ചയിച്ചു കഴിഞ്ഞിരുന്നു. 'അസ്ഹറുൽ ഉലൂം ഇസ്‌ലാമിക് കോംപ്ലക്സ്'. അവിടെ വെച്ച് ട്രസ്റ്റ് രൂപീകരണത്തിന്റെ തിയ്യതിയും വിളിക്കേണ്ട ആളുകളുടെ ലിസ്റ്റും തയ്യാറാക്കി. അവരെ വിളിക്കാൻ ഒരാളെ ചുമതലപ്പെടുത്തുകയും ചെയ്തു.

അതനുസരിച്ച് ആദ്യ യോഗം 1990 ഏപ്രിൽ 22 ന് ഡോ. മുഹ്‌യിദ്ദീൻ ആലുവായിയുടെ വീട്ടിൽ ചേർന്നു. ആ യോഗത്തിൽ ഡോ. മുഹ്‌യിദ്ദീൻ ആലുവായി, വി.എ. ഇബ്രാഹീം കുട്ടി, ടി.ബി. ഹാഷിം, കെ. അബ്ദുസ്സലാം മൗലവി, കെ.പി. അബ്ദുൽ അസീസ്, എം.എ. മൂസ, വി.കെ. അബ്ദുൽഖാദർ(തമ്പി), എം. ബാവ മൂപ്പൻ, വി.എം. അബ്ദുർറഹ്മാൻ, കെ.എസ്. കോയാക്കുട്ടി മൗലവി, ടി.എ. മുഹമ്മദ് മൗലവി, ഇ.കെ. അബ്ദുർറഹ്മാൻ, എം.എം. അബ്ദുൽ അസീസ്, ടി.കെ. മുഹമ്മദ് എന്നീ പതിനാലുപേർ സംബന്ധിച്ചു. ട്രസ്റ്റ് രൂപീകരിക്കുകയും ഭാരവാ

**1990 ആഗസ്റ്റ് 5 ന് അസ്ഹറുൽ ഉലൂം യാഥാർഥ്യമായി. ചാലക്കൽ ഇസ്‌ലാമിക് സെന്ററിന് സമീപം ഒരു വാടക വീട്ടിൽ 23 കുട്ടികളുമായി കോളേജ് ആരംഭിച്ചു. അതിന്റെ ഉദ്ഘാടനം ഇബ്രാഹീം സുലൈമാൻ സേട്ട് സാഹിബ് നിർവഹിച്ചു. വാടകക്കെട്ടിടത്തിൽ തുടങ്ങിയ സ്ഥാപനത്തിന് ഒരു വർഷത്തിനകം പതിനഞ്ച് ഏക്കർ സ്ഥലം സ്വന്തമായി.**



ഡോ. മുഹ്‌യിദ്ദീൻ ആലുവായ്

ഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

1990 ആഗസ്റ്റ് 5 ന് അസ്ഹറുൽ ഉലൂം യാഥാർഥ്യമായി. ചാലക്കൽ ഇസ്‌ലാമിക് സെന്ററിന് സമീപം ഒരു വാടക വീട്ടിൽ 23 കുട്ടികളുമായി കോളേജ് ആരംഭിച്ചു. അതിന്റെ ഉദ്ഘാടനം ഇബ്രാഹീം സുലൈമാൻ സേട്ട് സാഹിബ് നിർവഹിച്ചു. വാടകക്കെട്ടിടത്തിൽ തുടങ്ങിയ സ്ഥാപനത്തിന് ഒരു വർഷത്തിനകം പതിനഞ്ച് ഏക്കർ സ്ഥലം സ്വന്തമായി. അവിടെ സ്ഥിരം കെട്ടിടങ്ങൾക്ക് തറക്കല്ലിട്ടു. 1991 ജനുവരി 6-ന് അന്നത്തെ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ കെ.എ സിദ്ദീഖ് ഹസൻ സാഹിബ് ഹോസ്റ്റൽ കെട്ടിടത്തിന് തറക്കല്ലിട്ടു."

ഇത്രയും പറഞ്ഞു കഴിഞ്ഞതോടെ ഒരു സ്വപ്നം സഫലമായ നിർവൃതിയിൽ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് ആനന്ദാശ്രുക്കൾ പൊഴിയുന്നുണ്ടായിരുന്നു. അസ്ഹറിന്റെ രൂപവത്കരണം മുതൽ അതിന്റെ ഓരോ നെഞ്ചിടിപ്പും അടുത്തറിയാൻ എനിക്ക് ഭാഗ്യമുണ്ടായി. തുടക്കം മുതൽ തന്നെ സ്ഥാപനത്തിന്റെ വൈസ്ചെയർമാനായിരുന്നു. ഡോ. മുഹ്‌യിദ്ദീൻ ആലുവായിയുടെയും അസ്ഹറിന്റെ ചെയർമാനായിരുന്ന എ.ഐ ഇബ്രാഹീം കുട്ടിസാഹിബിന്റെയും മരണശേഷം അസ്ഹറുൽ ഉലൂം ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാൻ സ്ഥാനവും ഏറ്റെടുത്തിട്ടുണ്ട്.

**തായിക്കാട്ടുകര മോഡൽ ഓർഫനേജ്**

1994 ൽ ആസാമിലെ ബോഡോ കലാപത്തിൽ മുസ്‌ലിംകൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. നൂറുകണക്കിന് കുട്ടികൾ അനാഥരായി. ദുരിതമനുഭവിക്കുന്നവർക്ക് മരുന്നും വസ്ത്രവും നൽകി ആശ്വാസ പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിൽ നിന്നുള്ള ഐഡിയൽ റിലീഫ് വിംഗ് (ഐ.ആർ.ഡബ്ല്യു) പ്രവർത്തകർ ആസാമിലെത്തി. മാതാപിതാക്കളും ഉറ്റ ബന്ധുക്കളും നഷ്ടപ്പെട്ട അനാഥക്കുട്ടികളെ രക്ഷിക്കണമെന്ന് ഗ്രാമീണരുടെ ദീനമായ അപേക്ഷ. വളണ്ടിയർമാരുടെ വാഹനത്തിൽ അനാഥക്കുട്ടികൾ നിറഞ്ഞിരിക്കുന്നു. അമ്മമാർ വാഹനത്തിലേക്ക് തങ്ങളുടെ കുട്ടികളെ എടുത്തെറിയുകയാണ്. അവരോട് മറുപടി പറയാനാവാതെ ഐ.ആർ.ഡബ്ല്യു പ്രവർത്തകർ കുഴങ്ങി. ഒടുവിൽ ആസാം ജമാഅത്തുമായി സംസാരിച്ച് 5 കുട്ടികളെ കേരളത്തിലേക്ക് കൊണ്ടു വന്നു. എറണാകുളം ജില്ലയിലെ പറവൂർ സ്വദേശി കെ.കെ. ഇബ്റാഹീം സാഹിബ് കുട്ടികളെ തന്റെ വീട്ടിൽ



ടി.കെ സമ്മേളനവേദിയിൽ

**1994 ൽ ആസാമിലെ ബോഡോ കലാപത്തിൽ മുസ്‌ലിംകൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. നൂറുകണക്കിന് കുട്ടികൾ അനാഥരായി. മാതാപിതാക്കളും ഉറ്റ ബന്ധുക്കളും നഷ്ടപ്പെട്ട അനാഥക്കുട്ടികളെ രക്ഷിക്കണമെന്ന് ഗ്രാമീണരുടെ ദീനമായ അപേക്ഷ. വളണ്ടിയർമാരുടെ വാഹനത്തിൽ അനാഥക്കുട്ടികൾ നിറഞ്ഞിരിക്കുന്നു. അമ്മമാർ വാഹനത്തിലേക്ക് തങ്ങളുടെ കുട്ടികളെ എടുത്തെറിയുകയാണ്. അവരോട് മറുപടി പറയാനാവാതെ ഐ.ആർ.ഡബ്ല്യു പ്രവർത്തകർ കുഴങ്ങി.**

പാർപ്പിച്ചു. ആസാമിൽ നിന്ന് തീവ്രവാദികളെ കൊണ്ടുവന്ന് പാർപ്പിച്ചിരിക്കുന്നു എന്ന് വ്യാപകമായി വാർത്തപരന്നു. പോലീസ് അന്വേഷണം തുടങ്ങി. അടുത്ത ദിവസത്തെ പത്രങ്ങളിൽ 'ഭീകരവാദികളെ കുടിയിരുത്തിയ തീവ്രവാദി പിടിയിൽ' എന്ന വ്യാജ വാർത്തയും വന്നു.

സംഭവത്തിന്റെ നിജസ്ഥിതി എന്താണെന്നറിയാൻ ഞാനുടനെ പറവൂരിലെത്തി. അപ്പോഴാണ് ആസാമിൽ നൂറുകണക്കിന് കുട്ടികൾ അനാഥരായി അലയുന്ന വിവരം അറിയുന്നത്. തായിക്കാട്ടുകരയിൽ തിരിച്ചെത്തിയ ഉടനെ (1994 ഒക്ടോബർ 2) തായിക്കാട്ടുകര ഇസ്‌ലാമിക് എജ്യുക്കേഷൻ ട്രസ്റ്റിന്റെ യോഗം വിളിച്ചു. ട്രസ്റ്റിന് കീഴിൽ ഒരു യതീംഖാന തുടങ്ങാൻ 1988 ഏപ്രിൽ 24 ന് ചേർന്ന മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. അതിന്റെ തുടർച്ചയെന്നോണം ആസാമിൽനിന്നുള്ള കുട്ടികളെ ഉൾപ്പെടുത്തി ഒരു ഓർഫനേജ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചു. ആസാമിലെ ഏതെങ്കിലും സംഘടനയുടെ ഉത്തരവാദിത്വത്തിൽ നിയമപരമായ വ്യവസ്ഥകളോടുകൂടി ഐഡിയൽ റിലീഫ് വിംഗിന്റെ സഹായത്തോടെ കുട്ടികളെ സ്ഥലത്തെത്തിച്ചാൽ അമ്പതിൽ താഴെ കുട്ടികളെ ഏറ്റെടുക്കാം എന്ന് തീരുമാനിച്ചു.

1994 ഒക്ടോബർ 12 ന് ഗോഹാട്ടിയിലെ സാമൂഹിക പ്രവർത്തകർ വഴി എത്തിച്ചേർന്ന 20 ആസാം അനാഥക്കുട്ടികളെ ഉൾപ്പെടുത്തി തായിക്കാട്ടുകര മോഡൽ ഓർഫനേജ് തുടങ്ങി. ഒരു മാസത്തിനു ശേഷം നവംബർ 15-ന് 12 കുട്ടികൾകൂടി എത്തിച്ചേർന്നു. അതോടെ വിദ്യാർഥികളുടെ അംഗസംഖ്യ 32 ആയി.

പോലീസും ഇന്റലിജൻസ് വിഭാഗവും അന്വേഷണവും ചോദ്യം ചെയ്യലും നിരന്തരം തുടർന്നുകൊണ്ടിരുന്നു. കാണുമ്പോഴെല്ലാം ബാപ്പ എന്ന് വിളിച്ച് ചുറ്റുംകൂടുന്ന ആ കുരുന്നുകളെ ഓർത്ത് അവരുടെ ചോദ്യം ചെയ്യലും മറ്റു വെല്ലുവിളികളും ശക്തമായി ചെറുത്തുനിന്നു. ആ കുട്ടികളിപ്പോൾ പഠിച്ച് വലിയവരായി. ബിരുദധാരികളാണ് പലരും. ചിലരുടെ വിവാഹം കഴിഞ്ഞു. മറ്റു ചിലർ പഠനം കഴിഞ്ഞ് സ്വദേശത്തേക്ക് മടങ്ങി. ചിലർ ഇപ്പോഴും വിവിധ കോഴ്സുകൾ ചെയ്തുകൊണ്ടിരിക്കുന്നു.

**ഹിറാ നഗറും എതിരാളികളും**

"ഞാൻ ഈ മഹാജനസാഗരം നേരി

ൽ കണ്ടില്ലായിരുന്നുവെങ്കിൽ ഇത്ര വലുതാണെന്ന് എത്രപറഞ്ഞാലും വിശ്വസിക്കുമായിരുന്നില്ല" - 1998 ഏപ്രിൽ 18, 19 തിയതികളിൽ മലപ്പുറം ജില്ലയിലെ കൂരിയാട് ഹിറാ നഗറിൽ സംഘടിപ്പിച്ച ജമാഅത്തെ ഇസ്‌ലാമി കേരള സമ്മേളനത്തിലേക്ക് ഒഴുകിയെത്തിയ മഹാ ജനസാഗരത്തെ നോക്കി മുഖ്യ അഥിതികളിലൊരാളായ മുഹമ്മദ് ഖുത്വുബ് പറഞ്ഞ വാക്കുകൾ. ആ ജനസാഗരത്തെ നോക്കി അവരോട് രണ്ടു വാക്ക് സംസാരിക്കുവാൻ പ്രാസ്ഥാനിക സമ്മേളനത്തിലെ സ്വാഗത ഭാഷണത്തിലാണെങ്കിൽപോലും എനിക്കും ഭാഗ്യം ലഭിച്ചിരുന്നു. ഹിറാ സമ്മേളനം പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം വലിയൊരു പരീക്ഷണ ഘട്ടമായിരുന്നു. മഴപെയ്താൽ കാലുകൾ ചെളിയിൽ പൂണ്ടു പോകും. വാഹനങ്ങൾക്കൊന്നും തിരിച്ചുപോകാൻ കഴിയാത്ത അവസ്ഥവരും. അത്രമാത്രം വലിയ പ്രതിസന്ധിഘട്ടത്തിൽപോലും അല്ലാഹുവിന്റെ സംരക്ഷണം നമുക്ക് ഉണ്ടായിരുന്നു.

സമ്മേളനം പരാജയപ്പെടുത്താൻ പരമാവധി ശ്രമിച്ചിരുന്നു. കൂരിയാടിന്റെ ചുറ്റിലുമുള്ള പള്ളികളിൽ മഴക്കുവേണ്ടി ചിലർ പ്രാർഥന നടത്തി. തൊട്ടടുത്തുള്ള മമ്പുറം മഖാമിൽ മഴക്കുവേണ്ടി കൊടിയെടുക്കുകയും ചെയ്തു. അത് കൂടാതെ ഹിറാ നഗറിൽ ബോംബ് സ്ഫോടനമുണ്ടാകുമെന്ന് പറഞ്ഞ് സമ്മേളന പ്രതിനിധികളെ ഭയപ്പെടുത്തി അകറ്റി നിർത്താനുള്ള ശ്രമവുമുണ്ടായി. എന്നാൽ അവരുടെ കുതന്ത്രങ്ങൾക്ക് അല്ലാഹു ഏകിയ വിജയത്തെ തടുക്കാനായില്ല. ■

(അവസാനിച്ചു)

rashadaluva@gmail.com